**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : T.4517** 04/02/2014-ൽ മറുപടിയ്ക്ക്

**വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. കെ. ശശീന്ദ്രൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടി ഏതു ഘട്ടം വരെയായിയെന്നും എത്ര ശതമാനം ഭൂമി ഏറ്റെടുത്തുവെന്നും വ്യക്തമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുവേണ്ടി ഏറ്റെടുക്കാൻ ലക്ഷ്യമിട്ടിരുന്നത് ഉദ്ദേശം 120 ഹെക്ടർ സ്ഥലമാണ്. റോഡ് കണക്ടിവിറ്റി, ബാക്ക് അപ്പ് ഏരിയ, ട്രക്ക് ടെർമിനൽ, വെയർ ഹൗസ് എന്നിവയ്ക്കായി നോട്ടിഫിക്കേഷൻ പ്രകാരം ഏറ്റെടുക്കേണ്ടിയിരുന്ന 88.2152 ഹെക്ടർ സ്ഥലത്തിൽ 86.6221 ഹെക്ടർ സ്ഥലം നാളിതുവരെ ഏറ്റെടുത്തിട്ടുള്ളതാണ്. ഇത് വിജ്ഞാപനം ചെയ്ത വിസ്തീർണ്ണത്തിന്റെ 98.19% വരും. |
| (ബി) | റിസോർട്ടുകളുടെ ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തിയായോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ? | (ബി) | വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള റോഡ് കണക്ടിവിറ്റി, ബാക്ക് അപ്പ് ഏരിയ, ട്രക്ക് ടെർമിനൽ എന്നിവയിൽ ഉൾപ്പെട്ടിരുന്ന എല്ലാ റിസോർട്ടുകളും ഇതിനകം തന്നെ ഏറ്റെടുത്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ.